# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 216

18.06.2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

ചോദ്യം
ശ്രീ. എം. ഉമ്മർ
" വി.എം. ഉമ്മർ മാസ്റ്റർ
" എൻ. ഷംസുദ്ദീൻ
" കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം
ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യ- മേർപ്പെടുത്തുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി വിവിധ ജില്ലകളിലായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 17 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ യൂണിവേഴ്സിറ്റികൾ/കോളേജുകൾ/ ഐ.റ്റി.ഐകൾ എന്നിവയിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി സ്ഥാപനങ്ങളോടനുബന്ധിച്ച് പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് 6 ഹോസ്റ്റലുകൾ വകുപ്പ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ഹോസ്റ്റലുകളുടെ നടത്തിപ്പ് അതത് സ്ഥാപനങ്ങളാണ് നടത്തിവരുന്നത്. തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ആൺകുട്ടികൾക്കായി ഒരു പുതിയ ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 87 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. അതിനുള്ള ഫണ്ട് പട്ടികജാതി വികസന വകുപ്പ് നൽകിവരുന്നു. കൂടാതെ ഹോസ്റ്റൽ സൗകര്യത്തോടെ 5 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനായി 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂളും പ്രവർത്തിച്ച് വരുന്നു. |
| (ബി) | 2013-14 അധ്യയന വർഷം എത്ര വിദ്യാർത്ഥികളാണ് ഹോസ്റ്റൽ സൗകര്യം ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ; | (ബി) | 2013-14 അധ്യയന വർഷം പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ സൗകര്യം 1067 വിദ്യാർത്ഥികളും പ്രീമെട്രിക് ഹോസ്റ്റലിലെ സൗകര്യം 2060 വിദ്യാർത്ഥികളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അടുത്ത വർഷം ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കുമോ ; | (സി) | തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ അധ്യയന വർഷംതന്നെ പ്രവേശന നടപടികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ പെൺകുട്ടികൾക്കായും, പാലക്കാട് ജില്ലയിലെ മനിശ്ശേരിയിൽ ആൺകുട്ടികൾക്കായും പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആലുവയിൽ പെൺകുട്ടികൾക്കായി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്തും തളിപ്പറമ്പിലും ആൺകുട്ടികൾക്കായി ഓരോ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |

Sali K.J

സെക്ഷൻ ഓഫീസർ